# സദ്ഭർത്തമാന കഥാപുസ്തകം
## നാല്



ഇതെന്റെ സദ്വർത്തമാന കഥാപുസ്തകം നാല്

എന്റെ പേര്

________________________________________

നാലാമത്തെ സദ്വർത്തമാന കഥാപുസ്തകം

എനിക്ക് വായിക്കുവാൻ സാധിക്കും

സൃഷ്ടാവാം ദൈവത്തിന്റെ വിശുദ്ധ പുസ്തകത്തിൽ നിന്നുള്ളതാണ് ഈ കഥകൾ.

ഇതിലുള്ള എല്ലാ ചിത്രങ്ങളും വരച്ചത് ഭാരതത്തിലെ ഗോത്ര വർഗ്ഗത്തിലുള്ള കുട്ടികളാണ്.സദ്വർത്തമാന കഥാപുസ്തകം നാല്. പകർപ്പവകാശം 2013. ഭാരതത്തിൽ അച്ചടിച്ചത്. അന്വേഷണങ്ങൾ അയക്കേണ്ട വിലാസം:
WBTC India, P.O. Box 8478, Bangalore 560084. Email: info@wbtcindia.com





സ്വർത്തിൽനിന്നുള്ള തീ.........................2-17

തീ വളയം.............................................18-32

# സ്വർഗ്ഗത്തിൽനിന്നുള്ള തീ

വളരെ, വളരെ, വളരെ
വർഷങ്ങൾ കഴിഞ്ഞു.

ജനങ്ങൾ അന്യദൈവങ്ങൾക്കു
പാടുന്നതു ഞാൻ കാണുന്നു.







ഞാൻ ഒരു മനുഷ്യനെ കാണുന്നു.

അദ്ദേഹത്തിന്റെ പേര് ഏലീശാ.

ഏലീശാ സൃഷ്ടാവാം
ദൈവത്തിനു പാടുന്നു.

അന്യ ദൈവങ്ങൾക്കു പാടുന്ന
ജനങ്ങളോട് ഏലീശാ പറയുന്നതു
ഞാൻ കേൾക്കുന്നു,

'നിങ്ങളുടെ ദൈവങ്ങൾ സത്യ
ദൈവമെങ്കിൽ, അവർ
യാഗപീഠത്തിന്റെ മുകളിലേക്ക്
തീ ഇറക്കട്ടെ.'

സൃഷ്ടാവാം ദൈവമാണു
സത്യ ദൈവമെങ്കിൽ, അവൻ
യാഗപീഠത്തിന്റെ മുകളിലേക്ക്
തീ ഇറക്കട്ടെ.

ഒരു യുദ്ധം തുടങ്ങുന്നു...







അന്യ ദൈവങ്ങൾക്കു പാടുന്ന
ജനങ്ങൾ ഒരു യാഗപീഠം
പണിയുന്നത് ഞാൻ കാണുന്നു.

അന്യ ദൈവങ്ങൾക്കു പാടുന്ന
ജനങ്ങൾ ഒരു കാളയെ
യാഗപീഠത്തിന്റെ മുകളിലേക്ക്
വയ്ക്കുന്നത് ഞാൻ കാണുന്നു.

അന്യ ദൈവങ്ങൾക്കു
പാടുന്ന ജനങ്ങൾ, പാടുന്നത്,
പ്രാർത്ഥിക്കുന്നത്, നൃത്തം ചെയ്യുന്നത്,

മുകളിലേക്കും താഴേക്കും...
മുകളിലേക്കും താഴേക്കും...
മുകളിലേക്കും താഴേക്കും ചാടുന്നതു
ഞാൻ കാണുന്നു.








അന്യ ദൈവങ്ങൾക്കു
പാടുന്ന ജനങ്ങൾ

കേൾക്കുന്നത്...കേൾക്കുന്നത്...
കേൾക്കുന്നത്...ഞാൻ കാണുന്നു.

അന്യ ദൈവങ്ങൾ ഉത്തരം നൽകുന്നില്ല.







അന്യ ദൈവങ്ങൾക്കു പാടുന്ന ജനങ്ങളോട് ഏലീശാ പറയുന്നതു ഞാൻ കേൾക്കുന്നു,

'ഇനിയും ശബ്ദത്തിൽ പ്രാർത്ഥിക്കൂ, കുറെക്കൂടി നൃത്തം ചെയ്യൂ, ഇനിയും മുകളിലേക്കു ചാടൂ.

ഒരു പക്ഷെ നിങ്ങളുടെ ദൈവങ്ങൾ ഉറങ്ങുകയായിരിക്കും.'

അന്യ ദൈവങ്ങൾക്കു പാടുന്ന
ജനങ്ങൾ,

പാടുന്നത്, പ്രാർത്ഥിക്കുന്നത്,
നൃത്തം ചെയ്യുന്നത്, മുകളിലേക്കും
താഴേക്കും...മുകളിലേക്കും താഴേക്കും...

മുകളിലേക്കും താഴേക്കും ചാടുന്നതു
ഞാൻ കാണുന്നു.







അന്യ ദൈവങ്ങൾക്കു പാടുന്ന
ജനങ്ങൾ

കേൾക്കുന്നത്...കേൾക്കുന്നത്...
കേൾക്കുന്നത് ഞാൻ കാണുന്നു.


അന്യ ദൈവങ്ങൾ ഉത്തരം
നൽകുന്നില്ല.

സൃഷ്ടാവാം ദൈവത്തിനു
പാടുന്ന ഏലീശാ ഒരു യാഗപീഠം
പണിയുന്നത് ഞാൻ കാണുന്നു.

സൃഷ്ടാവാം ദൈവത്തിനു
പാടുന്ന ഏലീശാ ഒരു കാളയെ
യാഗപീഠത്തിന്റെ മുകളിലേക്ക്
വയ്ക്കുന്നത് ഞാൻ കാണുന്നു.







സൃഷ്ടാവാം ദൈവത്തിനു
പാടുന്ന ഏലീശാ യാഗപീഠത്തിനു
ചുറ്റും വെള്ളമൊഴിക്കുന്നതു
വെള്ളമൊഴിക്കുന്നതു...
വെള്ളമൊഴിക്കുന്നതു...
വെള്ളമൊഴിക്കുന്നതു
ഞാൻ കാണുന്നു.

സൃഷ്ടാവാം ദൈവത്തോടു ഏലീശാ പറയുന്നതു ഞാൻ കേൾക്കുന്നു,

'ദയവുചെയ്ത് എനിക്ക് ഉത്തരം തരേണമെ, അങ്ങനെ ജനങ്ങൾ നിനക്കുമാത്രമേ പാടുകയുള്ളൂ.'





എല്ലാവരും നോക്കുന്നു...
കാത്തിരിക്കുന്നു...ശ്രദ്ധിക്കുന്നു...

അപ്പോൾ അതു സംഭവിച്ചു!

സൃഷ്ടാവാം ദൈവം താഴേയ്ക്ക് യാഗപീഠത്തിന്റെ മുകളിലേക്ക് തീ അയച്ചു!







എല്ലാ ജനങ്ങളും സൃഷ്ടാവാം ദൈവത്തിനു പാടുന്നതു ഞാൻ കാണുന്നു.

എല്ലാ ജനങ്ങളും,
'സൃഷ്ടാവാം ദൈവമാണ് സത്യദൈവം എന്നു പറയുന്നതു ഞാൻ കേൾക്കുന്നു.'

# തീ വളയം

വളരെ വർഷങ്ങൾ കഴിഞ്ഞു.

ഞാൻ ഒരു രാജാവിനെ കാണുന്നു.

ആ രാജാവ് ഒരു സ്വർണ്ണ വിഗ്രഹം ഉണ്ടാക്കുന്നതു ഞാൻ കാണുന്നു.








ആ രാജാവു ജനങ്ങളോടു പറയുന്നതു ഞാൻ കേൾക്കുന്നു,

‘സ്വർണ്ണ വിഗ്രഹത്തെ സ്തുതിച്ചില്ലെങ്കിൽ നിങ്ങളെ തീയിൽ എറിഞ്ഞുകളയും.’

നോക്കൂ, തീ ചൂടാണ്...ചൂടാണ്...ചൂടാണ്!








മൂന്നു ബാലന്മാർ  സൃഷ്ടാവാം
ദൈവത്തിനു പാടുന്നതു
ഞാൻ കാണുന്നു.

മൂന്നു ബാലന്മാർ പറയുന്നതു
ഞാൻ കേൾക്കുന്നു,
'സൃഷ്ടാവാം ദൈവത്തിനു
മാത്രമേ ഞങ്ങൾ പാടുകയുള്ളൂ.'

രാജാവ് വളരെ, വളരെ വളരെ,
കോപിഷ്ടനായത് ഞാൻ കാണുന്നു.








രാജാവു പറയുന്നതു ഞാൻ
കേൾക്കുന്നു,

'സൃഷ്ടാവാം ദൈവത്തിനുമാത്രം
പാടുന്ന മൂന്നു ബാലന്മാരെ
തീയിൽ എറിയുക!'

നോക്കു, തീ ചൂടാണ്...ചൂടാണ്...ചൂടാണ്!








സൃഷ്ടാവാം ദൈവത്തിനു
മാത്രം പാടുന്ന മൂന്നു ബാലന്മാരെ
തീയിലേക്ക് എറിയുന്നതു
ഞാൻ കാണുന്നു.



നോക്കൂ, തീ ചൂടാണ്...ചൂടാണ്...ചൂടാണ്!







രാജാവു പറയുന്നതു ഞാൻ
കേൾക്കുന്നു,

'നോക്കൂ, ആ മൂന്നു ബാലന്മാർ
തീയിൽ നടക്കുന്നതു
ഞാൻ കാണുന്നു!

ഇപ്പോൾ നാലു ആളുകൾ
തീയിൽ നടക്കുന്നു!


ആ മൂന്നു ബാലന്മാരും സൃഷ്ടാവാം
ദൈവത്തപ്പോലെ മറ്റൊരാളും.'

സൃഷ്ടാവാം ദൈവത്തിനു
മാത്രം പാടുന്ന ആ മൂന്നു
ബാലന്മാരോടു രാജാവു
പറയുന്നതു ഞാൻ കേൾക്കുന്നു,

'ആ വലിയ തീയിൽ നിന്നും
പുറത്തു വരുക!'








നോക്കൂ, തീ ചൂടാണ്...
ചൂടാണ്... ചൂടാണ്!

ആ മൂന്നു ബാലന്മാരും തീയിൽ നിന്നും പുറത്തു വരുന്നതു ഞാൻ കാണുന്നു.

ആ മൂന്നു ബാലന്മാർക്ക് തീയാൽ ഒരു ദോഷവും സംഭവിച്ചില്ല.







രാജാവു പറയുന്നതു ഞാൻ കേൾക്കുന്നു, 'സൃഷ്ടാവാം ദൈവത്തിനു പാട്ടു.

സൃഷ്ടാവാം ദൈവം മൂന്നു ബാലന്മാരെയും തീയിൽ നിന്നും രക്ഷിച്ചു.'

മറ്റൊരു ദൈവത്തിനും
രക്ഷിപ്പാനുള്ള ശക്തിയില്ല.

സൃഷ്ടാവാം ദൈവമാണ്
സത്യദൈവം.

സൃഷ്ടാവാം ദൈവം വരുന്നു...

